പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3581

14.03.2017-ൽ
മറുപടിക്ക്

## കോടതികളിൽ ഹാജരാകുന്ന പോലീസ് ഉദ്യോഗസ്ഥർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തെ ഏതെങ്കിലും കോടതികളിൽ ഹാജരാകുന്ന പോലീസ് ഉദ്യോഗസ്ഥർ യൂണിഫോറം ധരിക്കരുത് എന്ന് ബാലാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നോ; | (എ) നൽകിയിരുന്നു. |
| (ബി) എങ്കിൽ ഏതൊക്കെ കോടതികളിൽ; അത്തരത്തിൽ നിർദ്ദേശം ലഭിക്കാനിടയായ സാഹചര്യം എന്താണ്; എന്നാണ് ഈ നിർദ്ദേശം ലഭിച്ചത്; | (ബി) 2012-ലെ കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനുള്ള ആക്ട് (പോക്സോ ആക്ട്) പ്രകാരമുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്ന പ്രത്യേക കോടതികളിൽ; 31.03.2016-ന് കാസറഗോഡ് ജില്ലയിൽ പോലീസുദ്യോഗസ്ഥർക്കായി പോക്സോ നിയമം സംബന്ധിച്ച് അവബോധം നൽകുന്നതിനായി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് സംഘടിപ്പിച്ച ക്ലാസ്സിൽ ബാലാവകാശ സംരക്ഷണ കമ്മീഷന്റെ മുൻ അംഗം ശ്രീ.കെ.നസീർ ക്ലാസ്സെടുക്കവേ, പോക്സോ കേസുകളിൽ പോലീസുദ്യോഗസ്ഥർ യൂണിഫോം ധരിക്കാതെ കുട്ടികളെ സമീപിക്കണമെന്നുൾപ്പെടെയുള്ള ശിശുസൗഹൃദ നടപടിക്രമങ്ങൾ നിഷ്കർഷിക്കുന്ന പോക്സോ നിയമത്തിന്റെ അന്തസത്തയ്ക്കെതിരായി പ്രത്യേക കോടതികളിൽ ഹാജരാകുന്ന പോലീസുദ്യോഗസ്ഥരോട് യൂണിഫോം ധരിക്കാൻ നിർബന്ധിക്കുന്ന സാഹചര്യം പോലീസുദ്യോഗസ്ഥർ ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ വിഷയം സ്വമേധയാ നടപടിയായി പരിഗണിച്ചാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് . പുറപ്പെടുവിച്ചത്. 15.11.2016-നാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) ഇത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ? | (സി) ഇത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്